"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ്- മലപ്പുറം ജില്ലയിൽ വേങ്ങര ബ്ലോക്ക് പഞ്ചായത്തിൽ എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 2 ആയ ശ്രീ. സുമൻ. എസ് -ന് പ്രത്യേക അവശതാ അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ.(സാധാ) നം.2881/2025/LSGD തീയതി,തിരുവനന്തപുരം, 28-11-2025

---

പരാമർശം:-

1. സ.ഉ (പി )112/2017/ധന തീയതി 24/08/2017.
2. ശ്രീ.സുമൻ.എസ്,എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 2 സമർപ്പിച്ച 04/07/2025, 19/08/2025 എന്നീ തീയതികളിലെ അപേക്ഷകൾ
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 17/11/2025-ലെ LSGD/PD/ 29075/ 2025-DEC4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിൽ വേങ്ങര ബ്ലോക്ക് പഞ്ചായത്തിൽ എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.സുമൻ.എസ്, പി. എം. എ. വൈ ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് 03/07/2025 തീയതിയിൽ സ്റ്റേജ് വേരിഫിക്കേഷൻ ഫീൽഡ് ഡ്യൂട്ടി ചെയ്യുന്നതിനിടയിൽ വഴുതി വീണ് വലത് കൈയ്ക്ക് പൊട്ടൽ സംഭവിച്ചതിനെ തുടർന്ന് പ്ലാസ്റ്റർ ഇട്ടതിനാൽ 03/07/2025 മുതൽ 25/08/2025 വരെ വിശ്രമം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കാലയളവിലേയ്ക്ക് പ്രത്യേക അവശതാവധി അനുവദിക്കുന്നതിനായി മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു. പ്രസ്തുത അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്ത് പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിൽ വേങ്ങര ബ്ലോക്ക് പഞ്ചായത്തിൽ എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കവെ ഔദ്യോഗികകൃത്യ നിർവ്വഹണത്തിനിടയിൽ ഉണ്ടായ അപകടത്തെ തുടർന്ന് 03/07/2025 മുതൽ 25/08/2025 വരെയുള്ള 54 ദിവസം വിശ്രമത്തിനായി ശ്രീ.സുമൻ.എസ് എടുത്ത അവധി കെ. എസ്. ആർ ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാ അവധിയായി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABITHA BAI A S
ഡെപ്യൂട്ടി സെക്രട്ടറി

1) ശ്രീ. സുമൻ. എസ്, വേങ്ങര ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം ജില്ല
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3) സെക്രട്ടറി, വേങ്ങര ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം ജില്ല
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
5) വിവരപൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6) സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Dipukumar S L
Date: 28-11-2025 13:41:56

സെക്ഷൻ ഓഫീസർ